എംഐറ്റി 6/14555/റ്റിസി/2007

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി: 08/12/2015

## സർക്കുലർ നംമ്പർ. 28/2015

വിഷയം: ***മോട്ടോർ വാഹന വകുപ്പ്* —** ഫാസ്റ്റ് ട്രാക്ക് കൗണ്ടർ - 'ഫ്രണ്ട്സ്' ജീവനക്കാരെ മാറ്റി നിയമിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അധിക കൗണ്ടറുകൾ ആരംഭിക്കുന്നത് — നിർദ്ദേശംങ്ങൾ.

സൂചന: 1. 1.6.2010-ലെ സർക്കുലർ 3/2010
2. 27.6.2012-ലെ സർക്കുലർ 6/2012
3. 02/12/2015-ലെ എ2/349/2015/റ്റിസി എന്ന ഉത്തരവ്

സൂചന 3-ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 'ഫ്രണ്ട്സ്' ജനസേവനകേന്ദ്രങ്ങളിൽ ജോലി നോക്കി വന്നിരുന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരെ അതാത് റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ടതായ അത്യാവശ്യ സേവനങ്ങൾ അപ്പപ്പോൾ തന്നെ ലഭ്യമാക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി മേൽ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കേണ്ടതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന രണ്ട് ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾക്ക് പുറമെ 10.12.2015- മുതൽ മൂന്നാമത് ഒരു കൗണ്ടർകൂടി തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ് അതോടൊപ്പം ഫാസ്റ്റ് ട്രാക്ക് കൗണ്ടർ പ്രവർത്തനവുമായി ബന്ധപ്പെട്ട് സൂചന 1, 2 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് ഉപരിയായി താഴെ പറയുന്ന നിർദ്ദേശങ്ങൾകൂടി കർശനമായി നൽകുന്നു.

**1.** എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഏറ്റവും കുറഞ്ഞത് മൂന്ന് കൗണ്ടറും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഒരു കൗണ്ടറും ഫാസ്റ്റ് ട്രാക്ക് കൗണ്ടറായി പ്രവർത്തിപ്പിക്കേണ്ടതാണ്.

**2.** ഫാസ്റ്റ് ടാക്ക് കൗണ്ടറുകളുടെ പ്രവർത്തന സമയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 10.30 am മുതൽ 1.00 മണി വരെയും 2.15 pm മുതൽ 4.30 pm വരെയും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 2.00 pm മുതൽ 4.30 pm വരെയും ആയിരിക്കും.

3. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിനാവശ്യമായ കംപ്യൂട്ടർ, സ്കാനർ, ലാമിനേറ്റിംഗ് മെഷീൻ തുടങ്ങിയ അനുബന്ധ സാമഗ്രികൾ ഉണ്ടെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. ഇവ വാങ്ങുന്നതിനായി സർവ്വീസ് ചാർജ്ജ് ഉപയോഗിക്കാവുന്നതാണ്.

4. ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി എടുക്കുന്ന അപേക്ഷകളുടെ എണ്ണം ഇത്രയെന്ന് നിജപ്പെടുത്തുവാൻ പാടുള്ളതല്ല. സൂചന രണ്ട് പ്രകാരമുള്ള സമയം തീരുന്നതു വരെ ലഭിക്കുന്നതും സർക്കുലർ നമ്പർ 3/2010, 6/2012, 25/2015 എന്നിവയിൽ പറയുന്നതുമായ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

5. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ കൗണ്ടർ സമയത്ത് കൗണ്ടറിൽ നിന്നും എഴുന്നേറ്റ് പോയി മറ്റ് പ്രവൃത്തികളിൽ ഏർപ്പെടുവാൻ പാടുള്ളതല്ല.

6. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിന്റെ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു ഓഫീസ് അറ്റൻഡന്റിനെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ ഓഫീസ് അറ്റൻഡന്റിന്റെ സേവനം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

7. ഫാസ്റ്റ് ട്രാക്ക് കൗണ്ടറിൽ നിയമിച്ചിട്ടുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കൗണ്ടർ പ്രവർത്തന സമയത്ത് ഓഫീസിൽ നിന്നും പുറത്ത് പോകാൻ പാടുള്ളതല്ല. പ്രസ്തുത ഉദ്യോഗസ്ഥനെ കൂടാതെ ഓഫീസിലുള്ള മറ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴിയുള്ള അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കേണ്ടതാണ്. ഉദ്യോഗസ്ഥരു ടെ അഭാവത്തിൽ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാതിരിക്കുവാൻ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

8. ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി സേവനം ലഭ്യമാകുന്നതിന് പൊതുജനങ്ങൾ ഓൺ-ലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കണമെന്നും ഈ-പേയ്മെന്റ്/ ഈ-ട്രഷറി വഴി ഫീസ് അടക്കണമെന്നുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ അപേക്ഷകൾ സമർപ്പിച്ചില്ല എന്നകാരണത്തിൽ ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ വഴി സേവനം നിഷേധിക്കാൻ പാടുള്ളതല്ല. ഇതിനായി ഓഫീസിൽ ഫീസ് സ്വീകരിക്കാവുന്നതാണ്.

9. നിസ്സാര കാരണങ്ങൾ കാണിച്ച് ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ വഴിയുള്ള സേവനങ്ങൾ നിഷേധിക്കുവാൻ പാടുള്ളതല്ല. ലഘുവായ ന്യൂനതകൾഉള്ള അപേക്ഷകൾ പരിഹരിച്ചുവന്നാൽ അപേക്ഷകൾ അന്നേ ദിവസം വീണ്ടും പരിഗണിക്കേണ്ടതാണ്. അത് പോലെ 'സ്മാർട്ട് മൂവി'ലുള്ള ന്യൂനതകൾ കാരണം അപേക്ഷകൾ നിരസിക്കുവാൻ പാടുള്ളതല്ല. ഈ ന്യൂനതകൾ ഓഫീസിൽ തന്നെ പരിഹരിച്ച് (Back Log Correction ഉൾപ്പെടെ ) അപേക്ഷയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

**10.** സംസ്ഥാനത്തിനകത്ത് ഒരു ഓഫീസിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനം മറ്റൊരു ഓഫീസിനു കീഴിലുള്ള വ്യക്തി വാങ്ങിയാലും അപേക്ഷകൾ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി പേര് മാറ്റി കൊടുക്കേണ്ടതാണ് ഇതിനായി വകുപ്പിന്റെ വെബ് സൈറ്റ് വഴി വാഹനത്തിന്റെ വിശദാംശങ്ങൾ പരിശോധിക്കേണ്ടതാണ്.

**11.** വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി വാഹനം വിറ്റ വ്യക്തിക്കോ വാഹനം വാങ്ങിയ വ്യക്തിക്കോ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി രണ്ട് കൂട്ടരും കൂടി വരേണ്ടതില്ല.

**12.** ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ വഴിയുള്ള സേവനങ്ങൾ, പൊതു ജനങ്ങൾക്ക് നേരിട്ട് ഓഫീസിൽ എത്തി അതിവേഗം ലഭ്യമാകുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ കൗണ്ടറുകൾ വഴി ഏജന്റ്മാരോ ഇടനിലക്കാരോ അപേക്ഷകൾ സമർപ്പിക്കുന്നില്ലായെന്ന് കൗണ്ടറിലെ ഉദ്യോഗസ്ഥരും റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും പൊതു ജനങ്ങൾക്ക് സുതാര്യമായ സേവനങ്ങൾ അതിവേഗം ലഭിക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എം.വി.ഐ മാരും, ജോയിന്റ് ആർ.ടി.ഒ മാരും ഇടയ്ക്കിടയ്ക്ക് ഇത്തരം കൗണ്ടറുകൾ പരിശോധിക്കേണ്ടതും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകേണ്ടതുമാണ്.

08/12/14

ടോമിൻ. ജെ. തച്ചങ്കരി. ഐ.പി.എസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ് :-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും

പകർപ്പ്:-

എസ്.എസ്.ജി സെൽ
എം.ഐ.റ്റി 2 സെക്ഷന് സർക്കുലർ വെബ്ബ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്